പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **4697** **27. 06. 2014**- ലെ മറുപടി

<u>കോഴിക്കോട് ജില്ലയിലെ പ്രവാസി സഹകരണ സംഘങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. കെ. ദാസൻ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന പ്രവാസി സഹകരണ സംഘങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) കോഴിക്കോട് ജില്ലയിൽ 11 പ്രവാസി സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു.<br><br>1. പയ്യോളി പഞ്ചായത്ത് പ്രവാസി വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ. ഡി.3059<br>2. കോഴിക്കോട് ജില്ല പ്രവാസിക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ.ഡി.2980,കുറ്റ്യാടി.<br>3. കടത്തനാട് പ്രവാസി ആന്റ് ഫാമിലി വെൽഫെയർ ആന്റ് ഡവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ.ഡി.2939, വടകര<br>4. മണിയൂർ പഞ്ചായത്ത് പ്രവാസി ഹരിത വെൽഫെയർ സഹ കരണ സംഘം ക്ലിപ്തം നമ്പർ.ഡി.3071.<br>5. ഒളവണ്ണ പഞ്ചായത്ത് പ്രവാസി വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ.ഡി.3056<br>6. ഗ്ലോബൽ പ്രവാസി വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ.ഡി.3003, എരഞ്ഞിമാവ്, കൊടിയത്തൂർ.<br>7. പ്രവാസി വെൽഫെയർ ആന്റ് ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ.ഡി.2854, കല്ലായ് റോഡ്.<br>8. മാവൂർ പഞ്ചായത്ത് പ്രവാസി ഹരിത വെൽഫെയർ സഹ കരണ സംഘം ക്ലിപ്തം നമ്പർ.ഡി.3076, മാവൂർ.<br>9. പെരുമണ്ണ പഞ്ചായത്ത് പ്രവാസി ഹരിത വെൽഫെയർ സഹ കരണ സംഘം ക്ലിപ്തം നമ്പർ.ഡി.3077<br>10. തിരുവള്ളൂർ പഞ്ചായത്ത് പ്രവാസി ഹരിത വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ.ഡി.3072, തുരുവള്ളൂർ, വടകര. |

11. പെരുവയൽ പഞ്ചായത്ത് പ്രവാസി ഹരിത വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ.ഡി.3075,പൂവാട്ട് പറമ്പ്

(ബി) പ്രവാസി സഹകരണ സംഘം രൂപീകരിക്കുന്നതിനുള്ള മാർഗ്ഗരേഖകൾ എന്തെല്ലാം എന്നത് വിശദമാക്കാമോ;

ബി) കേരള സഹകരണ നിയമം വകുപ്പ് 6,7 ചട്ടം 3,4 എന്നിവ പ്രകാരമാണ് പ്രവാസി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത്. ടി നിയമപ്രകാരം തന്നെയാണ് എല്ലാ വിഭാഗത്തിലുള്ള സഹകരണ സംഘങ്ങളും രജിസ്റ്റർ ചെയ്യുന്നത്. രജിസ്റ്റർ ചെയ്തു നൽകുന്ന നിയമാവലിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി ചട്ടം 15 പ്രകാരം ഏത് വിഭാഗത്തിലുള്ള സഹകരണ സംഘമാണെന്ന് ക്ലാസ്സിഫൈ ചെയ്യുന്നു.

(സി) പ്രവാസി സഹകരണ സംഘങ്ങൾക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമായി വ്യക്തമാക്കാമോ?

സി) മിസലേനിയസ് വിഭാഗത്തിൽ ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സഹകരണ സംഘങ്ങൾക്ക് സംഘത്തിന്റെ പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനത്തിന്റെ 3 ഇരട്ടി പരമാവധി 2 ലക്ഷം രൂപ വരെ സംസ്ഥാന പദ്ധതി പ്രകാരം സർക്കാർ ഓഹരിമൂലധന സഹായം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ